# പതിമൂന്നാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1281 — 20.03.2012-ൽ മറുപടിയ്ക്ക്

## പട്ടികജാതി ലിസ്റ്റിലെ മാറ്റം

| ചോദ്യം: | ഉത്തരം: |
|---|---|
| ശ്രീ.എ.കെ.ബാലൻ<br>ശ്രീ.കെ.ദാസൻ<br>ശ്രീ.ജെയിംസ് മാത്യു<br>ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റർ | ശ്രീ.എ.പി.അനിൽ കുമാർ<br>(പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും, വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് പട്ടികജാതി ലിസ്റ്റിൽ മാറ്റം വരുത്തുവാൻ വല്ല നീക്കവും ഉണ്ടോ; ഇക്കാര്യത്തിലുള്ള നിലപാട് വെളിപ്പെടുത്താമോ ; | (എ) സംസ്ഥാനത്ത് നിലവിലിരിക്കുന്ന പട്ടികജാതി ലിസ്റ്റിൽ മാറ്റം വരുത്തുവാൻ ഇപ്പോൾ നീക്കങ്ങൾ ഒന്നും തന്നെയില്ല. നിലവിലുള്ള ലിസ്റ്റിൽ ജാതികളെ ഉൾപ്പെടുത്തുവാനും, ഒഴിവാക്കുവാനും ഇക്കാര്യത്തിലുള്ള ആവശ്യങ്ങളും, പരാതികളും ലഭ്യമാകുന്ന മുറയ്ക്ക് അവയെക്കുറിച്ച് കിർത്താഡ്സ് മുഖേന ആധികാരികമായ പഠനം നടത്തി ലഭിക്കുന്ന റിപ്പോർട്ട് സംസ്ഥാന മന്ത്രിസഭ പരിഗണിച്ച് യുക്തമായ തീരുമാനം കൈക്കൊണ്ട് കേന്ദ്ര സർക്കാരിനെ അറിയിക്കുന്നതാണ്. |
| (ബി) ഇതു സംബന്ധിച്ച് അടുത്ത കാലത്തായി ഉയർന്നുവന്ന പരാതികളും ആക്ഷേപങ്ങളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) ഉണ്ട്. |
| (സി) അതു സംബന്ധിച്ച്, നിയമപരമായ വല്ല നീക്കങ്ങളും സംസ്ഥാനത്ത് ഇപ്പോൾ നടക്കുന്നുണ്ടോ; വിശദമാക്കാമോ ? | (സി) സംസ്ഥാനത്ത് നിലവിലുണ്ടായിരുന്ന പട്ടികജാതി/പട്ടികവർഗ്ഗ ലിസ്റ്റിൽ മാറ്റം വരുത്തുന്നത് സംബന്ധിച്ച് കേന്ദ്ര സർക്കാരിന് മുമ്പാകെ 1965-ൽ സമർപ്പിക്കപ്പെട്ട ലോക്കർ (Lokur) കമ്മിറ്റി റിപ്പോർട്ടിൽ ഈ സംസ്ഥാനത്തെ പട്ടികജാതി ലിസ്റ്റിൽ ഉൾപ്പെട്ട 'പുലയ വേട്ടുവനെ' ലിസ്റ്റിൽ നിന്നും ഒഴിവാക്കണമെന്ന് ശുപാർശ ചെയ്തിട്ടുണ്ട്. പ്രസ്തുത കമ്മിറ്റി റിപ്പോർട്ട് നടപ്പിൽവരുത്തണമെന്നാവശ്യപ്പെട്ട് ഡോ.ഒ.പി.ശുക്ല ബഹു: സുപ്രീം കോടതി മുമ്പാകെ റിട്ട് അപ്പീൽ ഫയൽ ചെയ്തിട്ടുണ്ട്. പ്രസ്തുത റിട്ട് അപ്പീലിൽ കമ്മിറ്റി മുമ്പാകെ |

നിർദ്ദേശരൂപത്തിൽ സമർപ്പിക്കപ്പെട്ടതും കമ്മിറ്റി പ്രത്യേകമായി ഒഴിവാക്കണമെന്ന് ശുപാർശ നൽകാത്തതുമായ വണ്ണാൻ, മണ്ണാൻ, പെരുമണ്ണാൻ, വേളാൻ സമുദായങ്ങളുടേയും പേരുകൾ പ്രതിപാദിക്കുന്നുണ്ട്. പ്രസ്തുത കേസ്സിൽ സുപ്രീംകോടതി മുമ്പാകെ സമർപ്പിക്കുവാനുള്ള എതിർ സത്യവാങ്മൂലം തയ്യാറാക്കി വരുന്നു.

സെക്ഷൻ ഓഫീസർ